ലക്ചറർ ഡോ. പി. വി. ജോർജിന് അഡ്വാൻസ് ഇൻക്രിമെന്റ്

6 (3723) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാർ ഇവാനിയോസ് കോളേജിൽ നിന്നും വിരമിച്ച സെലക്ഷൻ ഗ്രേഡ് ലക്ചറർ ഡോ. പി. വി. ജോർജിന് അഡ്വാൻസ് ഇൻക്രിമെന്റ് നൽകുന്നത് സംബന്ധിച്ച ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ 34180/സി/2012/ഹയർ എഡ്യൂക്കേഷൻ എന്ന ഫയൽ ധനകാര്യ വകുപ്പ് പരിശോധന കഴിഞ്ഞ് ഉന്നത വിദ്യാഭ്യാസ വകുപ്പിന് തിരിച്ച് നൽകിയിട്ടുണ്ടോ ;

(ബി) ധനകാര്യ വകുപ്പിന്റെ അഭിപ്രായ പ്രകാരം പ്രസ്തുത ഫയലിൽ ശ്രീ. പി. വി. ജോർജിന് ഇൻക്രിമെന്റ് അനുവദിക്കുന്നത് സംബന്ധിച്ച് തീരുമാനം തീർപ്പാക്കിയിട്ടുണ്ടോ ;

(സി) തീർപ്പാക്കിയതിന്റെ വിശദാംശങ്ങളും ഉത്തരവും എന്താണ് ; പ്രസ്തുത വിശദാംശങ്ങൾ അപേക്ഷകന് നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ധനകാര്യ വകുപ്പ് ലഭ്യമാക്കിയ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഡോ. പി. വി. ജോർജിന് മുൻകൂർ ഇൻക്രിമെന്റ് അനുവദിക്കുന്നത് സംബന്ധിച്ച അഭിപ്രായം ഉന്നത വിദ്യാഭ്യാസ (ഡി) വകുപ്പിന്റെ 1191/ഡി1/2012/ഉ.വി.വ. നമ്പർ ഫയലിൽ രേഖപ്പെടുത്തി നൽകുകയും ഉന്നത വിദ്യാഭ്യാസ (സി) വകുപ്പിന്റെ 34180/സി3/2012/ഉ.വി.വ. നമ്പർ ഫയൽ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.

(സി) യു.ജി.സി.-യുടെ നാലാം പദ്ധതി നടപ്പിലാക്കിയ അവസരത്തിൽ പി.എച്ച്.ഡി. ഉണ്ടായിരുന്ന അദ്ധ്യാപകർക്ക് മുൻകൂർ ഇൻക്രിമെന്റിന് അർഹതയില്ലാത്തതിനാൽ പ്രസ്തുത ആവശ്യം പരിഗണിക്കാൻ കഴിയില്ലെന്ന് 23-5-2015-ലെ 1191/ഡി1/2012/ഉ.വി.വ. നമ്പർ കത്ത് പ്രകാരം അപേക്ഷകനെ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly